# സെമിനാർ റിപ്പോർട്ട്

"സത്യാനന്തരം -Post truth" ; 2016 ൽ ഓക്സ്ഫോർഡ് ഇംഗ്ലീഷ് ഡിക്ഷണറിയിൽ കൂട്ടിച്ചേർക്കപ്പെട്ടതും, "word of the year" ആയി പ്രഖ്യാപിക്കപ്പെട്ടതുമായ ഒരു വാക്കാണ് സത്യാനന്തരം. അതിന്റെ ആഴങ്ങളിലേക്ക് ഉള്ള ഒരു ഇറങ്ങിച്ചെല്ലലാണ് നവംബർ 7,8,9 തീയതികളിലായി നടന്ന ത്രിദിന ദേശീയ സെമിനാർ.

## 7-11-2023

### Session -1 ശ്രീ. വെങ്കിടേഷ് രാമകൃഷ്ണൻ (മാനേജിംഗ് എഡിറ്റർ, ദി ഐഡം)

ഉദ്ഘാടന ചടങ്ങുകൾ ഭംഗിയായി പൂർത്തിയായതിനു ശേഷം ശ്രീ. വെങ്കിടേഷ് രാമകൃഷ്ണന്റെ ആമുഖ പ്രഭാഷണം ആണുണ്ടായത്. എന്താണ് " സത്യാനന്തര കാലം " എന്ന് ശ്രദ്ധിച്ചിരുന്ന ഓരോരുത്തർക്കും വളരെ വ്യക്തമായി മനസ്സിലാവും വിധത്തിലുള്ള ഒരു അവതരണം ആയിരുന്നു അദ്ദേഹത്തിന്റേത്." സത്യാനന്തര കാലം -Post truth" വസ്തുനിഷ്ഠമ ല്ലാത്തതും ആത്മനിഷ്ഠമായി അവതരിപ്പിക്കപ്പെടുകയും അത് ലോകം മുഴുവൻ വിശ്വസിക്കുകയും അംഗീകരിക്കപ്പെടുകയും ചെയ്യുന്നു.1992 കളിലാണ് Post truth എന്ന വാക്യം പ്രയോഗത്തിൽ വരുന്നത്. മാധ്യമങ്ങൾ കൈക്കൊള്ളേണ്ട മാനദണ്ഡങ്ങൾ(5W&1H) ആയിരുന്നു. ഇതിൽ അന്നും ഇന്നും പ്രധാനമായത് "who" തന്നെയാണ്. ഏകപക്ഷീയ കാര്യങ്ങൾ മാത്രം കാണുന്ന ഒരു മാധ്യമ സംസ്കാരമാണ് ഇന്നുള്ളത് എന്നാണ് അദ്ദേഹത്തിന്റെ നിലപാട്. ആമുഖപ്രഭാഷണത്തിലൂടെ മാത്രം വിഷയത്തിന്റെ ആഴത്തിലേക്ക് ഇറങ്ങി ചെല്ലാൻ പറ്റും വിധത്തിലുള്ള ഒരു സെക്ഷൻ ആയിരുന്നു ശ്രീ വെങ്കിടേഷ് അവർകളുടെത്.

### Session -2,വെബ്ബന്നൂരിലെ എഴുത്തും വായനയും - ശ്രീ രാം മോഹൻ പാലിയത്ത് (എഴുത്തുകാരൻ / കോളമിസ്റ്റ്, സി ഇ ഒ പ്രസിദ്ധി കമ്മ്യൂണിക്കേഷൻസ്, കൊച്ചി)

"വെബ്ബന്നൂരിലെ എഴുത്തും വായനയും -from Gutenberg to Zuckerberg". പ്രധാനമായ സൈബർ സ്പേസ് എന്ന ആശയം ആധുനിക ലോകത്തിന്റെ മുഖമുദ്രയായി മാറിക്കൊണ്ടിരിക്കുന്ന ഒരു മാധ്യമ ശൃംഖലയെ കുറിച്ചുള്ള വിവരണമാണ് അദ്ദേഹത്തിന്റെസെഷനിലൂടെ നമുക്ക് കിട്ടിയത്. ബ്ലോഗിങ്ങ് & സൈബർ സ്പേസ് നാലാംകിടയായി ഉത്ഭവിച്ചതോടുകൂടി വ്യത്യസ്തമായ അനുഭവങ്ങളുടെ എഴുത്തുകൾ വന്നതായി പറയപ്പെടുന്നു. പല പുതിയ ശൃംഖലകൾ വന്നിരുന്നെങ്കിലും എഫ്ബിക്ക് ഗണ്യമായ ഒരു സ്ഥാനം തന്നെ ഉണ്ടായിരുന്നു. നമ്മുടെ കണ്ണുകൾ സദാസമയം ലോകത്തെ ഉറ്റുനോക്കി കൊണ്ടിരിക്കുന്നു. എഴുതാൻ ഒരു ശമ്പളക്കാരനില്ലാത്ത ആദ്യ സോഷ്യൽ മീഡിയ എന്നാണ് എഫ്ബിയെ അദ്ദേഹം വിശേഷിപ്പിച്ചത്. സത്യാനന്തരതയെ മനുഷ്യാനന്തരത എന്നുകൂടി വ്യാഖ്യാനിക്കുകയുണ്ടായി. മാധ്യമമായാലും പരിമിതമായ താല്പര്യമുള്ള വികസനം അനിവാര്യമാണെന്ന് അദ്ദേഹം ഓർമിപ്പിക്കുന്നു. " വിശ്വസിക്കുകയും അനുസരിക്കുകയുമല്ല ചോദ്യം ചെയ്യുകയും എതിർക്കുകയും ആണ് വേണ്ടത് എന്നതാണ് ഒരു മാധ്യമ ധർമ്മം എന്നാണ് അദ്ദേഹം അഭിപ്രായപ്പെടുന്നത്.

### Session -3,സത്യത്തിന് എത്ര ലൈക് ,എത്ര ഷെയർ,എത്ര കമന്റ് ? ഡിജിറ്റൽമാനവികതയിലെ സത്യശേഖരങ്ങൾ- (ഡോ.അരുൺലാൽ മൊകേരി, അസി. പ്രൊഫസർ ഇംഗ്ലീഷ് വിഭാഗം,ഗവ. കോളേജ് മൊകേരി, വടകര)

ഉച്ചയ്ക്കു ശേഷമുള്ള വളരെ നല്ലൊരു സെഷൻ ആയിരുന്നു ഇത്. ഇന്നത്തെ സമൂഹത്തിന് സുപരിചിതമായ വാക്കുകളാണ് ലൈക്ക്,ഷെയറ്, കമന്റ് എന്നിവ. ഈ വാക്കുകളില്ലാതെ ഒരു ദിവസം പോലും കടന്നു പോകുന്നില്ല എന്നതാണ് യാഥാർത്ഥ്യം. നമ്മൾ അംഗീകരിക്കപ്പെടുന്നു എന്ന തോന്നൽ എണ്ണിത്തിട്ടപ്പെടുത്താവുന്ന രീതിയിൽ ലോകം മാറിയിരിക്കുന്നു. ഓൺലൈൻ മാധ്യമങ്ങൾ കമ്പോളങ്ങളിൽ ഇടിച്ചുകയറിയെങ്കിലും കൂടുതൽ ആളുകളും ഇപ്പോഴും പത്രമാധ്യമങ്ങളെ യാണ് ആശ്രയിക്കുന്നത്. ഇത്തരത്തിലുള്ള പലതലങ്ങളിലൂടെയുള്ള ഒരു അപഗ്രഥനമാണ് ഡിജിറ്റൽ യുഗത്തിലുള്ള മാനവികതയെയും മാധ്യമ സംസ്കാരത്തെയും കുറിച്ച് അദ്ദേഹം നടത്തിയതും നമ്മളിലേക്ക് എത്തിച്ചതും.

### Session -4,മാധ്യമലോകത്തെ പെൺസാന്നിധ്യങ്ങൾ -(ഡോ. മഞ്ജു. കെ, അസി. പ്രൊഫസർ, മലയാള വിഭാഗം, യൂണിവേഴ്സിറ്റി കോളേജ്,തിരുവനന്തപുരം )

മാധ്യമ ലോകം ഒരുകാലത്ത് പുരുഷന്മാരുടെ മാത്രം കുത്തകയായിരുന്നു.അവിടേക്ക് കടന്നുചെല്ലാൻ സ്ത്രീകൾ വിമുഖത കാണിച്ചിരുന്നു. പ്രധാനമായും മാധ്യമങ്ങളിലും പരസ്യമാധ്യമങ്ങളിലും നിറഞ്ഞുനിൽക്കുന്ന സ്ത്രീ സാന്നിധ്യത്തെ കുറിച്ചാണ് ടീച്ചർ പറഞ്ഞത്. ആദ്യകാലങ്ങളിൽ സ്വാതന്ത്ര്യസമര വുമായി ബന്ധപ്പെട്ട ചരിത്രപ്രധാനമായ ഒരു സ്ത്രീ ആവിഷ്കാരമാണ് മാധ്യമങ്ങളിൽ ഉണ്ടായിരുന്നത്. പക്ഷേ എല്ലായിടത്തും ഒരു പുരുഷമേൽക്കോയ്മ നിലനിൽക്കുന്നു ഇനിയും മാറ്റങ്ങൾ വേണ്ടിയിരിക്കുന്നു എന്നിരുന്നാലും വളരെ രസകരമായ സെക്ഷനുകളിലൂടെയാണ് ആദ്യദിനം കടന്നുപോയത് ഓരോ സെഷനു ശേഷവും നല്ല രീതിയിലുള്ള സംവാദം ഉണ്ടായി.

## 8-11-2023

**Session -1 ,അപ്രഖ്യാപിത അടിയന്തരാവസ്ഥയിലെ മാധ്യമങ്ങൾ-**(ദാമോദർ പ്രസാദ്, സ്വതന്ത്ര മാധ്യമ ഗവേഷകൻ)

വളരെ നീണ്ട അവതരണമുണ്ടായ ഒരു സെക്ഷൻ ആയിരുന്നു ഇത്. നിശ്ചിത മായ അനിശ്ചിതത്വമാണ് അപ്രഖ്യാപിത അടിയന്തരാവസ്ഥ എന്നാണ് അദ്ദേഹം പറഞ്ഞത്. അധികാര ത്തിന്റെ അല്ലെങ്കിൽ ഭരണകൂടത്തിന്റെ ഒരു പങ്ക് മാധ്യമ സംസ്കാരത്തിൽ എങ്ങനെ പ്രതിഫലിക്കുന്നു എന്ന് അദ്ദേഹം വളരെ വ്യക്തമായി തന്നെ പറയുന്നു. എന്ത് വിശ്വസിക്കണം എന്ന് തീരുമാനിക്കുന്നത് ഭരണകൂടമാണ് പല അടിയന്തരാവസ്ഥ കാലഘട്ടങ്ങളിലൂടെയും കടന്നു പോയിട്ടുണ്ട് അവിടെയെല്ലാം വലിയൊരു പങ്കുവഹിച്ചത് മാധ്യമം തന്നെയാണ്.

**Session-2 ,സത്യാനന്തരത്തിന്റെ ചിത്രശാസ്ത്രം -(**ഡോ. ഉമർ തറമേൽ (റിട്ട. പ്രൊഫസർ & വകുപ്പ് അധ്യക്ഷൻ, മലയാള -കേരള പഠന വിഭാഗം, കാലിക്കറ്റ് സർവകലാശാല )

പറയുന്നതിന്റെ അപര്യാപ്തതകൾ ചിത്രങ്ങളിലൂടെ മനസ്സിലാക്കാൻ സാധിക്കും എന്നുള്ളത് നമുക്കെല്ലാവർക്കും അറിയുന്ന ഒരു കാര്യമാണ്. ചിത്രങ്ങൾ മനുഷ്യമനസ്സിലേക്ക് ആഴ്ന്നിറങ്ങും. ഇത്തരത്തി ലുള്ള ഒരു സാഹചര്യത്തിൽ മാധ്യമങ്ങളുടെ കാര്യത്തിൽ പ്രധാനമായും വേണ്ട ഒരു കാര്യമാണ് സംവദന ശേഷി. ലാവണ്യ സൗന്ദര്യശാസ്ത്രത്തെ ഏറ്റവും കൂടുതൽ സ്വാധീനിക്കുന്നത് മാധ്യമങ്ങളാണ്. നുണയെ പരിപോഷിപ്പിക്കുന്ന ഒരു ശൃംഖലയായി മാധ്യമങ്ങൾ മാറിയതിൽ ചിത്രങ്ങൾ വഹിക്കുന്ന പങ്ക് വളരെ വലുതാണ്.ഫലിതം, രാഷ്ട്രീയം,സമകാലിക സംഭവത്തിന്റെ ആവിഷ്കാരങ്ങൾ എല്ലാം ഒത്തുചേരു മ്പോൾ എഴുത്തിനെകാൾ ആഴത്തിൽ മനുഷ്യ മനസ്സിൽ പതിയുന്നു. നല്ല രീതിയിലുള്ള അവതരണം ആയിരുന്നു അതിനു ശേഷം സംശയങ്ങൾ ചോദിക്കാനുള്ള അവസരവും ഉണ്ടായിരുന്നു.

**Session-3,പരസ്യമെഴുത്തിന്റെ രഹസ്യങ്ങൾ -(**ശ്രീ. ഫേവർ ഫ്രാൻസിസ്, ബ്രാൻഡ് കൺസൾട്ടന്റ് & മീഡിയ എഡ്യുകേറ്റർ, ഓക്ക് ടീ ബ്രാൻഡ് വാഗൺ,തൃശ്ശൂർ)

ഉച്ചയ്ക്ക് ശേഷമാണെങ്കിൽ പോലും വളരെ രസകരമായ ഒരു സെക്ഷൻ ആയിരുന്നു ഇത്. വളരെ വ്യക്തമായി പറഞ്ഞുതരികയും അതിന്റെ ആക്കം കൂട്ടുന്നതിന് വേണ്ടി വിഷ്വൽസ് കൂടി ഉൾപ്പെടുത്തിയത് കൊണ്ട് കുറച്ചുകൂടി വ്യക്തത കിട്ടി. ഒരു പരസ്യം കണ്ടു കഴിയുമ്പോൾ ഒരു ചെറുപുഞ്ചിരി എങ്കിലും കാണുന്ന വരുടെ മുഖത്ത് വിരിയണം എന്ന് അദ്ദേഹം ഓർമിപ്പിച്ചു.ആർക്ക് വേണ്ടിയാണു എഴുതുന്നത് എന്ന് മനസി ലാക്കി വേണം പരസ്യം ചെയ്യാൻ. പല പരസ്യങ്ങളിലും ജാതിയത കടന്നു വരുന്നത് കാണാം എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

**Session -4,സത്യാനന്തര കാലത്തെ രാഷ്ട്രീയ അപനിർമ്മിതികൾ-(**ഡോ. സജീവ് കുമാർ എസ്, അസി. പ്രൊഫസർ, മലയാള വിഭാഗം,ഗവ വിമൻസ് കോളേജ്,തിരുവനന്തപുരം )

വളരെ പെട്ടെന്ന് തന്നെ പല മേഖലകളിലൂടെയും ചെന്ന് ഒരു അവസാനത്തിൽ എത്തുകയാണ് അദ്ദേഹം ചെയ്തത്. 2018 ലെ മാധ്യമ രംഗത്തെ ഒരു സർവ്വേ കുറിച്ച് അദ്ദേഹം പറയുന്നുണ്ടായി. സുസ്ഥിരമായ സത്യങ്ങൾക്ക് ബദൽ വേണമെന്ന നിലപാടാണ് മുന്നോട്ടുവെച്ചത്.

## 9-11-2023

**Session -1, തല വാചകങ്ങളിലെ സത്യം-പേമാരിയിലും മഹാമാരിയിലും -(**ഡോ.ടി ശ്രീവത്സൻ (പ്രൊഫസർ, മലയാള വിഭാഗം, ഗവ. വിക്ടോറിയ കോളേജ്, പാലക്കാട്)

സത്യത്തെ പലപ്പോഴും മിഥ്യാവൽക്കരിച്ച തലക്കെട്ടുകളിലൂടെ വായനക്കാരുടെയും കാഴ്ചകളും ഒരു യാഥാർത്ഥ്യത്തെയാണ് അദ്ദേഹം തുറന്നുകാട്ടാൻ ശ്രമിച്ചത്. മഹാപ്രളയത്തിന്റെയും,ചന്ദ്രയാൻ ദൗത്യത്തിന്റെയും,കൊറോണയുടെയും, ദൃശ്യത്തിലൂടെയുള്ള അവതരണം മനം കവർന്നു. പാതിവെന്ത കാഴ്ചയാണ് നാം പലപ്പോഴും കാണുന്നത് അതിനോടാണ് നാം പ്രതികരിക്കുന്നത്. സത്യവും മിഥ്യയും തിരിച്ചറിയാൻ കഴിയാത്ത വിധം രണ്ടും കെട്ട ഒരു ലോകത്താണ് നാം ഓരോരുത്തരും ജീവിക്കുന്നത്. Post truth നെ നമുക്ക് വേണമെങ്കിൽ ഈ കാലഘട്ടത്തിൽ Post shame എന്ന് വിശേഷിപ്പിക്കാം. ഈ യുഗം ഗാന്ധിജിയുടെ രണ്ടാം മരണമെന്നും "മാധ്യമ ധർമ്മത്തിന്റെ ശവപ്പെട്ടയിൽ അവസാനത്തെ ആണി "എന്നും അദ്ദേഹം പറയുകയുണ്ടായി.

**Session -2,മാധ്യമവൽകൃത സമൂഹവും സമ്മതിനിർമ്മിതിയും-(**അസി. പ്രൊഫസർ, മലയാള വിഭാഗം, ഗവ. വിമൻസ് കോളേജ്, തിരുവനന്തപുരം )

മാധ്യമം ജനാധിപത്യത്തിന്റെ നാലാമത്തെ തൂണ് എന്ന് പറഞ്ഞു കൊണ്ടാണ് അദ്ദേഹം തുടങ്ങിയത്.അദ്ദേഹത്തിന്റെ അവതരണത്തിനൊടുവിൽ ശരിക്കും മാധ്യമങ്ങൾ അവരുടെ ധർമ്മം തന്നെയാണോ അനുഷ്ഠിക്കുന്നത് എന്ന് ചോദ്യം നമുക്കെല്ലാവരിലും അവശേഷിക്കും. കെ ആർ മീരയുടെ പ്രശസ്ത കൃതിയായ "മാധ്യമധർമ്മൻ"എന്ന സാഹിത്യ അഭ്യർത്ഥിച്ചു കൊണ്ടുള്ള ഒരു അവതരണം ആയിരുന്നു അദ്ദേഹത്തിന്റേത്. മാധ്യമങ്ങൾ പലപ്പോഴും സമൂഹത്തിന്റെ പൊതുബോധത്തിൽ തങ്ങളുടെ അഭിപ്രായങ്ങൾ അടിച്ചേൽപ്പിക്കുന്നു. ശരിക്കും ഒരു പൊളിറ്റിക്കൽ വെളിച്ചമാണ് മാധ്യമ സംസ്കാരം കൊണ്ടുവരേണ്ടത്.അത് ഇല്ലാത്തിടത്തോളം നമ്മുടെ ജനത നുണകളുടെ നാലുകെട്ടിനകത്ത് തന്നെ തളയ്ക്കപ്പെട്ടും എന്ന് പറഞ്ഞുകൊണ്ട് അദ്ദേഹം അവസാനിപ്പിച്ചു.

**Session -3,സത്യാനന്തരകാലത്തെ നിർമ്മിത ബുദ്ധി വ്യവഹാരങ്ങൾ**-(ഡയറക്ടർ, സ്കൂൾ ഓഫ് ക്രിയേറ്റീവ് റൈറ്റിംഗ്, തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല)

മനുഷ്യൻ ഉണ്ടായതിനുശേഷം ഉള്ള കാലം എന്നാണ് അദ്ദേഹം Post truth നെ വിവരിക്കുന്നത്. 1956 ജോൺ മക്കാത്തെ ആണ് എ ഐ എന്ന ആശയം ആദ്യമായി മുന്നോട്ടുവെച്ചത്. ഇന്ന് ഓട്ടോമേറ്റഡ് ആയ ഒരു ലോകത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. തുടർന്ന് സൈബറിലെ നാല് തരത്തിലുള്ള യുഗങ്ങളെ കുറിച്ച് അദ്ദേഹം പറയുകയുണ്ടായി. വിഷ്വൽസിലൂടെ കാര്യങ്ങൾ കാണിച്ചു തന്നു. എ ഐ എങ്ങനെ നല്ല രീതിയിൽ നിത്യജീവിതത്തിൽ ഉപയോഗിക്കാം എന്നും അദ്ദേഹം പറഞ്ഞു തരികയുണ്ടായി,തുടർന്ന് അതിനെക്കുറിച്ചുള്ള ആപ്പുകളെ കുറിച്ച് അദ്ദേഹം സംസാരിക്കുകയുണ്ടായി.

Session -4

**സത്യാനന്തരകാലത്തെ പ്രദർശനകലകൾ (**അരുൺ വി കുമാർ,അസി. പ്രൊഫസർ, സംഗീതവിഭാഗം,ആർ. എൽ. വി കോളേജ് ഓഫ് മ്യൂസിക് ആന്റ് ഫൈൻ ആർട്സ്, തൃപ്പൂണിത്തുറ )

അരങ്ങിന്റെ സത്യത്തിൽ നിന്നും സ്ക്രീനിന്റെ സത്യാനന്തര ലോകത്തേയ്ക്ക് കടക്കുമ്പോൾ നമ്മുടെ പരമ്പരാഗത കലകൾക്ക് സംഭവിച്ചിരിക്കുന്ന മാറ്റങ്ങൾ, യന്ത്രവൽകൃതമായ സംഗീത ലോകം, അതിന്റെ നേട്ടങ്ങളും കോട്ടങ്ങളും എന്നിങ്ങനെ സംഗീതത്തെയും ലളിതകലകളെയും മുൻനിർത്തിയുള്ള പ്രഭാഷണമായിരുന്നു അരുൺമാഷിന്റേത്.

..................................................................................................................................................